(ബി) പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് അനിശ്ചിതമായ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവ പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ ;

(സി) കാലതാമസം ഒഴിവാക്കി പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) മുനയം റെഗുലേറ്റർ കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തിക്ക് സർക്കാർ ഉത്തരവ് (ആർറ്റി.)നമ്പർ 1066/2013/ജ.വി.വ. തീയതി 1-10-2013 പ്രകാരം 21.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ എസ്റ്റിമേറ്റിൽ പാലത്തിന്റെ വീതി 3 മീറ്ററായാണ് കണക്കാക്കിയിരുന്നത്. ഭരണാനുമതി തുകയിൽ നിന്നുകൊണ്ട് പാലത്തിന്റെ വീതി 7 മീറ്റർ (2 lane) ആക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ടി പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിപൂർത്തീകരണത്തിനുള്ള തുടർ നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

(ബി&സി) ഇല്ല. പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച്, പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

പുഴകളിലെ താൽക്കാലിക തടയണകൾ

187 (852) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുഴകളിൽ താൽക്കാലിക തടയണകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഈ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നുണ്ടോ ;

(ബി) എങ്കിൽ കോഴിക്കോട് ജില്ലയിൽ താൽക്കാലിക തടയണകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങൾ ഏതെല്ലാമാണെന്നും ഓരോന്നിന്റെയും ചെലവ് എത്ര വീതമാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) രൂക്ഷമായ വരൾച്ചയെ പ്രതിരോധിക്കാനാണ് താൽക്കാലിക തടയണകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നത്. ഈ സാമ്പത്തിക വർഷത്തിലെ ആവശ്യകതയനുസരിച്ച് തടയണകൾ നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly